# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1688** 12.06.2019 -ലെ മറുപടിയ്ക്ക്

**സർവ്വകലാശാലകളിൽ പരീക്ഷ, പരീക്ഷാഫല പ്രസിദ്ധീകരണം എന്നിവ ഏകീകൃതമാക്കുന്നതിന് നടപടികൾ**

*ചോദ്യം*
ശ്രീ. ജോർജ് എം. തോമസ്

*ഉത്തരം*
**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പരീക്ഷാ നടത്തിപ്പ്, പരീക്ഷാഫലപ്രസിദ്ധീകരണം എന്നിവ ഏകീകൃതമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാനടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ ഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട് |
| (ബി) | ഇതിന്റെ ഗുണഫലങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | വിദ്യാർത്ഥികൾക്ക് തുടർപഠനത്തിനും മറ്റും മുൻകൂട്ടിയും മെച്ചപ്പെട്ട രീതിയിലും ആസൂത്രണം നടത്താൻ കഴിയുന്നതാണ് |

സെക്ഷൻ ഓഫീസർ